# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4168** **17/05/2017-ൽ മറുപടിക്ക്**

**ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്ന നടപടി**

**ചോദ്യം**

ശ്രീമതി. യു.പ്രതിഭ ഹരി

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണവും, തസ്തികകളുടെ വിശദാംശങ്ങളും വകുപ്പ് തിരിച്ച് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം 31.03.2017 വരെയുള്ള കാലയളവിൽ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്ത 31,137 ഒഴിവുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സമയബന്ധിതമായി റിപ്പോർട്ട് ചെയ്യാത്ത വകുപ്പുകൾക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2016 ഡിസംബർ മാസത്തിൽ ഇന്റൻസീവ് വേക്കൻസി റിപ്പോർട്ടിങ്ങിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പ്രധാന ഓഫീസുകളിലും ഡയറക്ടറേറ്റുകളിലും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തി വിവിധ വകുപ്പുകളിലായി 2394 ഒഴിവുകൾ കണ്ടെത്തി അവ പി.എസ്.സിയ്ക്ക് റിപ്പോർട്ടു ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു. |

Ramjith AR

**സെക്ഷൻ ഓഫീസർ**